## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2912** 18-06-2018 -ൽ മറുപടിക്ക്

## കാലവർഷക്കെടുതികൾ മൂലമുള്ള പുനരുദ്ധാരണ പ്രവൃത്തികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ആന്റണി ജോൺ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2016-17-ലെ പ്രകൃതിക്ഷോഭം, കാലവർഷ ക്കെടുതി എന്നിവ മൂലമുള്ള പുനരുദ്ധാരണ പണികൾക്ക് ഉത്തരവ് നമ്പർ 5591/2016/ഡി.എം.ഡി. തീയതി 21-12 -2016 പ്രകാരവും, ഉത്തരവ് നമ്പർ 83/2017/DMD-11/12/2017 പ്രകാരവും കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി, കട്ടമ്പുഴ, കോട്ടപ്പടി, പിണ്ടിമന, പല്ലാരിമംഗലം, കരീരംപാറ, നെല്ലിക്കുഴി, കോതമംഗലം മുനിസിപ്പാലിറ്റി തുടങ്ങിയ പഞ്ചായത്ത്, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ എത്ര തുകയുടെ പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ; | എ) | 21.12.2016-ലെ സ.ഉ(സാധാ)നം.5591/2016/ ഡി.എം.ഡി., 11.12.2017-ലെ സ.ഉ(സാധാ) നം.83/2017/ഡി.എം.ഡി. എന്നീ ഉത്തരവുകൾ പ്രകാരം എറണാകുളം ജില്ലയിൽ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| ബി) | ഇതിൽ എത്ര പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | ബി) | അനുവദിച്ച പ്രവൃത്തികളിൽ നാല് പ്രവൃത്തികൾ ആരംഭിക്കുകയും അവയിൽ മൂന്ന് പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) | ഇനിയും ഏതെങ്കിലും പ്രവൃത്തികൾ ആരംഭിക്കാനുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | സി) & ഡി) | അനുവദിച്ച പ്രവൃത്തികളിൽ 10 പ്രവൃത്തികൾ ആരംഭിക്കുവാനുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്ന തിനുണ്ടായ കാലതാമസം മൂലമാണ് പ്രവൃത്തികൾ ആരംഭിക്കുവാൻ വൈകുന്നത്. എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത പുനരുദ്ധാരണ പ്രവൃത്തികൾക്ക് നിർവ്വഹണാനുമതി നൽകുന്ന തിന് സാധിക്കുകയുള്ളൂ. കൂടാതെ ആറ് പ്രവൃത്തികൾ ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം പുനരുദ്ധാരണം നടത്തുന്ന തിന് സാധിക്കാത്ത പ്രവൃത്തികളാണ്. |
| ഡി) | മുഴുവൻ പ്രവൃത്തികളും എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| സർക്കാർ ഉത്തരവ് നം. & തീയതി | പുനരുദ്ധാരണ പ്രവൃത്തിയുടെ വിവരം | പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| സ.ഉ(സാധാ) നം.5591/2016/ ഡി.എം.ഡി., തീയതി 21.12.2016 | എട്ടാം മൈൽ - കാളിയത്തുപാറ, പനയ്ക്കൽപടി റോഡ് (വാർഡ്-11) | വാരപ്പെട്ടി | 3.00 |
| | ചെറുകരപ്പടി - പരിയാരത്ത് പടി റോഡ് (വാർഡ് - 7) | വാരപ്പെട്ടി | 3.00 |
| | ലത്തീൻ പള്ളിപ്പടി - തൊണ്ടുംപടി റോഡ് (വാർഡ്-3) | വാരപ്പെട്ടി | 4.50 |
| | ആനച്ചിറപ്പാടം - കാരിയാടത്ത് റോഡ് (വാർഡ്-13) | വാരപ്പെട്ടി | 4.00 |
| | താലിപ്പാറ - കൊല്ലപ്പാറ റോഡ് (വാർഡ്-10) | കുട്ടമ്പുഴ | 4.00 |
| | പി.ആർ.സുകുമാരൻ റോഡ് (വാർഡ്-4) | കുട്ടമ്പുഴ | 3.00 |
| | സിൻസിയർ കമല – പൂക്കോട്ട് പാടം (വാർഡ്-11) | കോട്ടപ്പടി | 4.50 |
| | കനാൽ ബണ്ട് - കൊച്ചുമാലി റോഡ് (വാർഡ്-7) | പിണ്ടിമന | 3.50 |
| | 314 – ഹെൽത്ത് സെന്റർ റോഡ് (വാർഡ്-15) | നെല്ലിക്കുഴി | 3.00 |
| | കാഞ്ഞിരക്കുഴി റോഡ് (വാർഡ്-21) | നെല്ലിക്കുഴി | 3.00 |
| | അയ്യൻകാവ് - അപ്പക്കപ്പടി റോഡ് കോതമംഗലം (വാർഡ്-14) | കോതമംഗലം | 4.50 |
| സ.ഉ(സാധാ) നം.83/2017/ ഡി.എം.ഡി., തീയതി 11.12.2017 | അടിവാട് അയ്യപ്പൻ കോളനി റോഡ് | പല്ലാരിമംഗലം | 5.00 |
| | തൃക്കാരിയൂർ കടമ്പൻ തോട് - ആയക്കാട് റോഡ് | നെല്ലിക്കുഴി | 7.00 |
| | കനാൽ ബണ്ട് - ത്രേസ്യാപോൾ റോഡ് | നെല്ലിക്കുഴി | 4.00 |
| | മാവുടി - ചിറപ്പാട്ടുപടി റോഡ് | പല്ലാരിമംഗലം | 5.00 |
| | റേഷൻ കട പടി - സൗത്ത് മദ്രസ റോഡ് | വാരപ്പെട്ടി | 4.00 |
| | പുഞ്ചക്കടവ് - കുളിക്കടവ് റോഡ് | നെല്ലിക്കുഴി | 1.00 |
| | ജവഹർ കോളനി റോഡ് | വാരപ്പെട്ടി | 5.00 |
| | പടിഞ്ഞാറേ പൊട്ടമുടി റോഡ് | കീരംപാറ | 6.00 |
| | കാഞ്ഞിരംകുന്ന് - പുളിക്കപ്പാടം റോഡ് | കീരംപാറ | 3.00 |
| | | ആകെ | 80.00 |

സെക്ഷൻ ഓഫീസർ